## 187

*രീതി: കുരിശെടുത്തെൻ യേശുവിനെ*

കരുണയുള്ള കർത്താവിനെ
കീർത്തിച്ചിടും ഞാനെന്നായുസ്സെല്ലാം

1 അവനെന്റെ രക്ഷകനാം അതിക്രമം ക്ഷമിച്ചവനാം
ആ ദിവ്യസ്നേഹത്തിൻ പൊൻകരത്താൽ
അകൃത്യങ്ങൾ മായിച്ചവനെന്നേക്കുമായ്-

2 പാപങ്ങൾ നീക്കിടുവാൻ പാടുകൾ സഹിച്ചവൻ താൻ
കാൽവറി ക്രൂശതിൽ യാഗമായി
പാപങ്ങൾ പോക്കിയ നാഥനവൻ

3 വിഷമതകൾ നേരിടുമ്പോൾ വിമലജൻ താങ്ങിടുമേ
വിപത്തിലും വിജയമായി നടത്തിടുവാൻ
വിരുതുള്ള നായകനെൻ പരൻ താൻ- **P.U.T.**